മംഗളം

29 May 2019

# രക്തസമ്മർദം തടയാൻ കടൽപായലിൽനിന്നു പ്രകൃതിദത്ത ഉൽപന്നം

കൊച്ചി: ഉയർന്ന രക്തസമ്മർദം തടയാൻ കടൽപായലിൽനിന്നു പ്രകൃതിദത്ത ഉൽപ്പന്നവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ഇന്ത്യൻ കടലുകളിൽ സാധാരണയായി കണ്ടുവരുന്ന കടൽപായലുകളിൽ അടങ്ങിയിരിക്കുന്ന ബയോ ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് കടൽമീൻ ആന്റിഹൈപ്പർടെൻസീവ് എക്സ്ട്രാക്റ്റ് എന്ന ഉൽപ്പന്നം സി.എം.എഫ്.ആർ.ഐ വികസിപ്പിച്ചത്.

400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സൂളുകൾ പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത്. ഉയർന്ന രക്തസമ്മർദ്ദം കുറയ്ക്കുന്നതിന് ഇത് സഹായിക്കും. ഉൽപ്പന്നത്തിന് പാർശ്വഫലങ്ങളില്ലെന്നത് ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണെന്ന് സി.എം.എഫ്.ആർ.ഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തി പറഞ്ഞു.



• ഉയർന്ന രക്തസമ്മർദ്ദം ചെറുക്കുന്നതിന് സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച കടൽമീൻ ആന്റിഹൈപ്പർടെൻസീവ് എക്സ്ട്രാക്റ്റ് കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഐ.സി.എ.ആർ ഡയറക്ടർ ജനറലുമായ ഡോ. ത്രിലോചൻ മൊഹാപത്ര പുറത്തിറക്കുന്നു.

സി.എം.എഫ്.ആർ.ഐയിൽ നടന്ന ചടങ്ങിൽ, കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ) ഡയറക്ടർ ജനറലുമായ ഡോ. ത്രിലോചൻ മൊഹാപത്ര ഉൽപ്പന്നം പുറത്തിറക്കി. ഐ.സി.എ.ആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ.കെ ജെന അധ്യക്ഷത വഹിച്ചു. ഉൽപ്പന്നം വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാൻ സ്വകാര്യ സംരംഭകർക്ക് സി.എം.എഫ്.ആർ.ഐയെ സമീപിക്കാമെന്നു ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

നേരത്തെ, സന്ധിവേദന, പ്രമേഹം, കൊളസ്ട്രോൾ, തൈറോയിഡ് എന്നിവ തടയുന്നതിന് ഉൽപ്പന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.